(എഫ്) സ്വീകരിച്ചു വരുന്നു.

(ജി) ഭരണാനുമതി നൽകിയിട്ടില്ല. എസ്റ്റിമേറ്റ് പരിഗണനയിലാണ്.

(എച്ച്) സ്വീകരിക്കുന്നതാണ്.

(ഐ) പുതിയതായി ഒന്നും നൽകിയിട്ടില്ല.

റാന്നി മേജർ സബ് ഡിവിഷന് കീഴിലുള്ള വർക്കുകൾ

127(724) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് പി.ഡബ്ല്യു.ഡി (റോഡ്സ്) റാന്നി മേജർ സബ് ഡിവിഷന് കീഴിൽ 1996-97 സാമ്പത്തിക വർഷം മുതൽ 2000-2001 വരെ നടപ്പാക്കിയ വർക്കുകൾ ഇനം തിരിച്ച് വിശദമാക്കാമോ ; ഓരോ വർക്കിനും ടെണ്ടർ ചെയ്ത തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ ; ടാർ വിവയടക്കം ഓരോ വർക്കിനും ടെണ്ടർ എക്സസ് എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ ഏതൊക്കെ എന്ന് വിശദീകരിക്കാമോ ; ഇവയുടെ ടെണ്ടർ തുകയും ചെലവഴിച്ചതുകയും എത്രയെന്ന് വെളിപ്പെടുത്തുമോ ; എത്ര രൂപയ്ക്കാണ് ഓരോ വർക്കും ടെണ്ടർ ഉറപ്പിച്ചിരിക്കുന്നത് ; ഇപ്പോൾ ടെണ്ടർ ചെയ്തിരിക്കുന്ന പുതിയ വർക്കുകൾ ഏതൊക്കെ ; ഓരോന്നിന്റേയും തുക എത്രയെന്ന് വിശദമാക്കാമോ ;

(സി) റാന്നി നിയോജകമണ്ഡലത്തിലെ ബംഗ്ലാംകടവ് പാലത്തിന്റെ നിർമ്മാണം ഇടയ്ക്കിടെ മുടങ്ങുന്നതിനുള്ള കാരണം വിശദമാക്കുമോ ; ഇപ്പോൾ ഇതിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ് ; നിർമ്മാണത്തിലെ തടസ്സങ്ങൾ നീക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 1996-97 മുതൽ 2000-01 വരെ നടപ്പാക്കിയ വർക്കുകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഭൂമി ഏറ്റെടുക്കൽ പ്രക്രിയ മുടങ്ങിയതിനാലും ഫണ്ടിന്റെ ദൗർലഭ്യം മൂലവും ഇടയ്ക്കിടെ പണികൾ മുടങ്ങുന്നുണ്ട്. ഏകദേശം 30% പണികൾ പൂർത്തിയായി. ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

എഴുകോൺ സെക്ഷനിലെ പി.ഡബ്ല്യു.ഡി വർക്കുകൾ

128 (725) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊല്ലം, ഡിവിഷനിലെ ഏഴുകോൺ സെക്ഷനിൽ 1986 ജൂൺ മുതൽ നാളിതുവരെ ടെണ്ടർ ചെയ്തതും വകുപ്പിന്റെതലത്തിൽ അറ്റകുറ്റപ്പണി ചെയ്തതുമായ പി.ഡബ്ല്യു.ഡി. വർക്കുകൾ ഏതൊക്കെയാണെന്നും അവയുടെ എസ്റ്റിമേറ്റ് തുക, ടെണ്ടർ ഉറപ്പിച്ചതുക, എസ്റ്റിമേറ്റ് വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ അവ എത്ര, ഓരോ റോഡിന്റെയും പേര്, പ്രവർത്തിയുടെ ഇനം, എന്നിവ വെളിപ്പെടുത്തുമോ ;

(ബി) ഈ വർക്കുകളിൽ നിശ്ചിതകാലയളവിനുള്ളിൽ പണി പൂർത്തീകരിക്കാതെ കിടക്കുന്നവ ഉണ്ടോ ; എങ്കിൽ അവയുടെ വിശദ വിവരവും നിലവിലുള്ള സ്ഥിതിയും വിശദമാക്കുമോ ;

(സി) ഏഴുകോൺ സെക്ഷനിൽ അറ്റകുറ്റപ്പണി ചെയ്ത പ്രവൃത്തികൾ കഴിവതും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

പേരൂർച്ചാൽ പാലത്തിന്റെ പണി

129 (726) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ആറന്മുള നിയോജക മണ്ഡലത്തിൽ പമ്പാനദിയിൽ നിർമ്മിക്കുന്ന 'പേരൂർച്ചാൽ' പാലത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പാലത്തിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 'പേരൂർച്ചാൽ' പാലത്തിന്റെ ഇനിയും ബാക്കിയുള്ള പണികൾക്ക് ടെണ്ടർ വിളിച്ച് കരാർ നൽകിയിട്ടുണ്ട്.

(ബി) ബഹു: കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഒ.പി. 30343/2000 മുഖാന്തിരം റീ അറേഞ്ച്മെന്റ് സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മനയ്ക്കൽ ചിറഭാഗത്തെ അപ്രോച്ച് റോഡ് മുറിച്ച് ജലനിർഗമനം നടത്താൻ നടപടി

130 (729) ശ്രീ. കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി, ആലപ്പുഴ റോഡിലെ മനയ്ക്കൽ ചിറഭാഗത്തെ ഒന്നാം പാലത്തിന്റെ പണി പൂർത്തിയായിട്ടും പാലം പണിക്ക് വേണ്ടി തോട് മൂടിട്ട് നിർമ്മിച്ച അപ്രോച്ച് റോഡ് മുറിച്ച് ജലനിർഗ്ഗമനത്തിന് സൗകര്യം ഉണ്ടാക്കാത്തതിന്റെ കാരണം എന്താണ് ;

---

†അനുബന്ധം -XII

LIBRARY ARCHIVES Kerala Legislative Assembly

6. We, therefore direct that the arrears due, upto and inclusive of 1998-99 will be paid out of the above amount of Rs. 150 Crores strictly on the basis of priority list prepared and produced before us by the State, from 10th November 2000 onwards. The entire amount of Rs. 150 Crores will be disbursed before 31-12-2000. In order to facilitate such payment, the Government is permitted to make necessary re-allocation/re-appropriation out of the amount in the budget under the demand controlled by the Public Works Department and Irrigation Department, excluding Centrally Sponsored Scheme, Externally Aided Project Schemes, assisted by financial institutions or agencies. We make is clear that State shall not make any payment without following the above directions to the contractors who have executed works under the PWD and the Irrigation Departements. As mentioned earlier, if there is any dispute regarding the placement in the priority list, it is open to the parties to move this court and get appropriate clarifications. There are a few cases where due to certain disputes between the parties on the basis of pendency of cases or certain enquiries etc, the payment could not be made. The directions given above for disbursing amount will not cover such cases. Those cases will be separatly dealt with by this court. The above direction will be binding on all the petitioners in the Writ Petitions pending and disposed of before this court in the matter regarding the payment of arrears due under the contract with the PWD or the Irrigation Department.

Post all these cases for further orders on 5-12-2000.

28-10-2000.

അനുബന്ധം XII

[26-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 128 (725)-ന്റെ ഉത്തരം ദയവായി കാണുക]

A. MDR (D & I)

		എസ്റ്റിമേറ്റ് തുക	ടെന്റർ ഉറപ്പിച്ചതുക	എസ്റ്റിമേറ്റ് വർദ്ധിപ്പിച്ച തുക
(1)	(2)	(3)	(4)	(5)
1.	നെടുവത്തൂർ-പുത്തൂർ റോഡ് (60% പൂർത്തിയായി)	30 ലക്ഷം	33 ലക്ഷം	40 ലക്ഷം
2.	ചീരൻകാവ്-പുത്തൂർ റോഡ് (70% പൂർത്തിയായി)	30 ലക്ഷം	33 ലക്ഷം	40 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
3.	ചീരൻകാവ്-പുത്തൂർ (മറനാട് വഴി) (80% പൂർത്തിയായി)	30 ലക്ഷം	33 ലക്ഷം	40 ലക്ഷം
4.	ആയൂർ-ഇത്തിക്കര റോഡ് (35% പൂർത്തിയായി)	74 ലക്ഷം	68 ലക്ഷം	
B.	**ചീഫ് എഞ്ചിനീയറുടെ ലംപ്സം തുക**			
1.	നെടുമൺകാവ്-മീയന്നൂർ റോഡ് (40% പൂർത്തിയായി)	10 ലക്ഷം	9.5 ലക്ഷം	
2.	കേരളപുരം-ആയൂർ റോഡ് (50% പൂർത്തിയായി)	10 ലക്ഷം	11 ലക്ഷം	12.5 ലക്ഷം
3.	നെടുമൺകാവ് ജംഗ്ഷൻ പുനരുദ്ധാരണം	10 ലക്ഷം	16 ലക്ഷം	15.5 ലക്ഷം
4.	കെ. എസ്.റോഡ്	8 ലക്ഷം	12 ലക്ഷം	11 ലക്ഷം
5.	കെ. വി. റോഡ്-വെളിയം ജംഗ്ഷൻ	4 ലക്ഷം	6 ലക്ഷം	5 ലക്ഷം
6.	കെ. എസ്. റോഡ്	15 ലക്ഷം	18 ലക്ഷം	19.5 ലക്ഷം
7.	കൃ.എസ്. റോഡ്	15 ലക്ഷം	18 ലക്ഷം	19.5 ലക്ഷം
8.	കെ.വി.റോഡ്	12 ലക്ഷം	20 ലക്ഷം	17 ലക്ഷം
9.	ആയൂർ-ഇത്തിക്കര റോഡ്	27 ലക്ഷം	40 ലക്ഷം	37 ലക്ഷം
10.	കുണ്ടറ-നെടുമൺകാവ് റോഡ്	23 ലക്ഷം	34 ലക്ഷം	34 ലക്ഷം
11.	കോവിൽ റോഡ്	6 ലക്ഷം	9 ലക്ഷം	8 ലക്ഷം
12.	നെടുവത്തൂർ-പുത്തൂർ റോഡ്	11 ലക്ഷം	18 ലക്ഷം	15 ലക്ഷം
13.	ഇരവിപുരം-ആയൂർ റോഡ്	11 ലക്ഷം	18 ലക്ഷം	15 ലക്ഷം
C.	**R.P (ഉപരിതലം പുതുക്കൽ പണികൾ)**			
1.	പഴവറ - കല്ലട റോഡ്	10 ലക്ഷം	12 ലക്ഷം	12.5 ലക്ഷം
D.	**വെള്ളപ്പൊക്കക്കെടുതികൾ (Flood Damages)**			
1.	കെ.വി.റോഡ്	9 ലക്ഷം	15 ലക്ഷം	12 ലക്ഷം
E.	**Special repair**			
1.	എഴുകോൺ - നെടുമൺകാവ് റോഡ്	16 ലക്ഷം	30 ലക്ഷം	23.5 ലക്ഷം
2.	കേരളപുരം - ആയൂർ റോഡ്	9 ലക്ഷം	16 ലക്ഷം	11 ലക്ഷം
3.	ചീരൻകാവ് - പുത്തൂർ റോഡ്	10 ലക്ഷം	18 ലക്ഷം	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
F.	പാലങ്ങൾ			
1.	ഞാൻകടത്തുകടവ് പാലം	-	അറുപത് ശതമാനം പണി പൂർത്തിയായിട്ടുണ്ട്. പണി പുരോഗതിയിലാണ്.	
	എസ്റ്റിമേറ്റ് തുക	-	91 ലക്ഷം	
	ടെന്റർ ഉറപ്പിച്ച തുക	-	132 ലക്ഷം	
	എസ്റ്റിമേറ്റ് വർദ്ധിപ്പിച്ച തുക	-	122 ലക്ഷം	
2.	അറുവാലക്കുഴി പാലം	-	ഇരുപത് ശതമാനം പണി പൂർത്തിയായി. പണി പുരോഗതിയിലാണ്.	
	ടെന്റർ ഉറപ്പിച്ച തുക	-	98 ലക്ഷം	
	എസ്റ്റിമേറ്റ് തുക	-	എഴുപത്തി രണ്ട് ലക്ഷം	

LIBRARY ARCHIVES Kerala Legislative Assembly